**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലവടി ഗ്രാമപഞ്ചായത്ത് - 2001-02 - വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 2.6-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 208/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/01/2014

പരാമർശം:- 1) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/08/2013-ലെ ഇ 6-7835/13 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/12/2013-ലെ LF/PT1/16830/13-ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 'പട്ടികജാതി കുടുംബങ്ങളുടെ വീട് അറ്റകുറ്റപ്പണികൾ' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ 8,980/- രൂപ (എണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) യുടെ ചെലവ് ഗുണഭോക്തൃ സമിതി മുഖേന മാത്രമേ നൽകാവൂ എന്ന സർക്കാർ ഉത്തരവിന്റെ ലംഘനമായതിനാൽ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ സമൂഹത്തിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും കഷ്ടതകൾ അനുഭവിക്കുന്ന വ്യക്തികൾ ആയതിനാലും ടിയാളുകളുടെ മാനുഷിക ശേഷി കൂടി പദ്ധതിയിൽ ഉപയോഗപ്പെടുത്തുകയെന്ന സദുദ്ദേശത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത് എന്നതിനാലും ടി വിഷയത്തിൽ സാമ്പത്തിക ക്രമക്കേടുകൾ ഒന്നും നടത്തിയിട്ടില്ല എന്ന് കമ്മിറ്റിയ്ക്ക് ഉത്തമബോധ്യം ഉള്ളതിനാലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം തലവടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം പരിഗണിച്ചും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പരിഗണിച്ചും പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലവടി ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6-ൽ ആഡിറ്റ് തടസ്സപ്പെടുത്തിയ, പട്ടികജാതി കുടുംബങ്ങളുടെ വീട് അറ്റകുറ്റപ്പണികൾക്ക്

സർക്കാർ ഉത്തരവ് ലംഘിച്ച് ചെലവഴിച്ച 8,980/- രൂപ (എണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപാ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ